"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താവിന് ലൈഫ് പദ്ധിയിൽ മുൻഗണന നൽകി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1084/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:- 1. ആനാട് ഗ്രാമപഞ്ചായത്തിന്റെ 20/11/2023 ലെ സാധാരണ യോഗത്തിന്റെ 15/1 നമ്പർ തീരുമാനം.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേ ഷൻ കമ്മിറ്റിയുടെ 06/03/2024 ൽ നടന്ന യോഗത്തിന്റെ ഖണ്ഡിക 4.24 തീരുമാനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിലെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ 469 - ാം ക്രമ നമ്പറായി ഉൾപ്പെട്ട ശ്രീമതി. ജാൻസി. ആർ. എസ്, പുനവക്കുന്നിന്റെ വീട് വാസയോഗ്യമല്ല ; മകൾ ഓട്ടിസം ബാധിതയാണെങ്കിലും ലൈഫ് ലിസ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ഈ കുട്ടി റേഷൻ കാർഡിൽ ഉൾപ്പെട്ടില്ലാത്തതിനാൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണന ലഭിച്ചിരുന്നില്ല . ഈ ക്ലേശഘടകം കൂടി പരിഗണിച്ച് ലൈഫ് ലിസ്റ്റിൽ ഈ കുടുംബത്തിന് മുൻഗണന നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് പരാമർശം (1) പ്രകാരം ആനാട് ഗ്രാമപഞ്ചായത്ത് യോഗം തീരുമാനിച്ചു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിലെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ 469 - ാം ക്രമ നമ്പറായി ഉൾപ്പെട്ട ശ്രീമതി. ജാൻസി. ആർ. എസ് ന്റെ മകൾ ഓട്ടിസം ബാധിത ആയതിനാൽ, ഈ ക്ലേശ ഘടകം കൂടി പരിഗണിച്ച് ലൈഫ് പദ്ധതിയിൽ മുൻഗണന നൽകി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ആനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ശ്രീമതി. ജാൻസി ആർ. എസ് (ആനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 20-06-2024 11:09:12
സെക്ഷൻ ഓഫീസർ